"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - പുനലൂർ ഭാഗ്യക്കുറി സബ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**813/2024/TAXES** തീയതി,തിരുവനന്തപുരം, **06-09-2024**

---

പരാമർശം:- **1.** സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **04.03.2024** ലെ **SLTY/6088/2023-MOD INFRA1 SL** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഭാഗ്യക്കുറി ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുമെന്ന **2024-25** സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പുനലൂർ ഭാഗ്യക്കുറി സബ് ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം **(1)** പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു.

**2)** പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള **1500** ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടം കണ്ടെത്തിയിട്ടുണ്ടെന്നും ചതുരശ്ര അടിക്ക് **₹23/-** നിരക്കും **3** വർഷം കൂടുമ്പോൾ **15%** വാടക വർദ്ധനവുമാണ് ബി.എസ്.എൻ.എൽ ആവശ്യപ്പെട്ടിട്ടുള്ളതെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നിരക്കിലും വാർഷിക വർദ്ധനവിന്റെ നിരക്കിലും കുറവ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബി.എസ്.എൻ.എൽ ഹെഡ് ഓഫീസ് ജനറൽ മാനേജർക്ക് കത്ത് നൽകിയതിന് മറുപടിയായി വാടക പരിഷ്കരണം സംബന്ധിച്ച് ബി.എസ്.എൻ.എൽ റെന്റിംഗ് ഔട്ട് പോളിസി-**2020** പ്രകാരം വാടക എല്ലാ വർഷവും പരിഷ്ക്കരിക്കുമെന്നും വാടക പ്രതിവർഷം **5%** അല്ലെങ്കിൽ **3** വർഷത്തിൽ **15%** ആയിരിക്കും എന്നും മറ്റെല്ലാ കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകളിലും ഇത് നടപ്പാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ടെന്നും, അതിനാൽ, പ്രതിദിനം ഏകദേശം **50** ലക്ഷം രൂപ

വരുമാനമുള്ള പുനലൂർ ഭാഗ്യക്കുറി സബ് ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്കായി ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള 1500 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടം ചതുരശ്ര അടിക്ക് ₹23/- നിരക്കിൽ വാടകയ്ക്ക് എടുക്കുന്നതിനും, 3 വർഷം കൂടുമ്പോൾ 15% വാടക വർദ്ധനവ് വരുത്തുന്നതിനും ഭരണാനുമതി നൽകണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പുനലൂർ ഭാഗ്യക്കുറി സബ് ഓഫീസിന്റെ പ്രവർത്തനം നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽനിന്നും ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും ഇതിനായി 1500 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടം ചതുരശ്ര അടിക്ക് ₹23/- നിരക്കിൽ വാടകയ്ക്ക് എടുക്കുന്നതിനും 3 വർഷം കൂടുമ്പോൾ 15% വാടക വർദ്ധനവ് വരുത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ. തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (15.06.2024 ലെ 2751802/Exp.B1/175/2024-Fin പ്രകാരം)
5. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/87/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Kabeer. C. A
Date: 07-09-2024 11:02:35
സെക്ഷൻ ഓഫീസർ